LIBRARY ARCHIVES Kerala Legislative Assembly

## കുട്ടനാട്ടിലെ വ്യവസായ വികസനം

173 (558) ശ്രീ. തോമസ് കെ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ നെല്ല്, മീൻ അനുബന്ധ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരു വ്യവസായ പാർക്ക് തുടങ്ങാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാട്ടിൽ വ്യവസായ പാർക്കിന് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

(ബി) ആർ ബ്ലോക്ക് പോലെയുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി കൃഷി, ടൂറിസം, വ്യവസായം എന്നിവ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

പരിശോധിക്കാവുന്നതാണ്.

## വ്യവസായ വകുപ്പിന്റെ കീഴിൽ ആരംഭിച്ച പുതിയ പദ്ധതികൾ

174 (559) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ കീഴിൽ ആരംഭിച്ച പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയിലും ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിനുകീഴിൽ ആരംഭിച്ച പദ്ധതിയാണ് മെഡ്സ്പാർക്ക്. ശ്രീചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുമായി (SCTIMST) ചേർന്ന് സംയുക്ത സംരംഭമായി കെ.എസ്.ഐ.ഡി.സി. ലൈഫ് സയൻസസ് പാർക്കിൽ (ഘട്ടം-1) 9 ഏക്കർ സ്ഥലത്ത് ഈ മെഡിക്കൽ ഉപകരണ പാർക്ക് (മെഡ്സ്പാർക്ക്) സ്ഥാപിക്കുന്നു. മെഡ്സ്പാർക്കിലെ നിർദ്ദിഷ്ട സൗകര്യങ്ങൾ ചുവടെ വിശദമാക്കിയിരിക്കുന്നു.

Large Animal Breeding Centre Prototyping- Pilot Manufacturing and Incubation Centre Medical Device Testing & Evaluation Centre R&D and Knowledge Resource Centre- മെഡ്സ്പാർക്ക് പദ്ധതിയുടെ എസ്റ്റിമേറ്റ് ചെലവ് 286 കോടി രൂപയാണ്. 19-3-2020-ന് ചേർന്ന കെ.എസ്.ഐ.ഡി.സി.-യുടെ ബോർഡ് പദ്ധതി നിർവ്വഹിക്കുന്നതിന് ഭരണപരമായ അനുമതി നൽകിയിട്ടുണ്ട്. തുടർന്ന്, സാങ്കേതിക (Technical Committee) അനുമതിയും ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യ പാക്കേജിൽ ഉൾപ്പെട്ട Animal House, Prototype & Incubation Centre തുടങ്ങിയവയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ടി നിർമ്മാണം 2022, ജൂണിൽ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പദ്ധതിയിൽ ഉൾപ്പെട്ട " Knowledge Resource Centre-ന്റെ നിർമ്മാണത്തിനാവശ്യമായ നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ടി പദ്ധതികൾ എല്ലാം പൂർത്തിയാക്കി 2022 ഡിസംബറോടെ Medspark പദ്ധതി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിൽ ലിക്വിഡ് ഓക്സിജൻ നിർമ്മാണ പ്ലാന്റ് 7 TPD നിന്നും 10 TPD ആക്കുന്ന വിപുലീകരണ പദ്ധതി, ഹൈഡ്രോ ക്ലോറിക് ആസിഡ് ബാർജ് മുഖേന എത്തിക്കുന്ന പദ്ധതി, 40 TPH ബോയ്ലർ നിർമ്മാണ പദ്ധതി എന്നിവ ആരംഭിച്ചിട്ടുണ്ട്. കൂടാതെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ സ്മാർട്ട് വാട്ടർ മീറ്ററിന്റെയും സ്മാർട്ട് എനർജി മീറ്ററിന്റെയും നിർമ്മാണ പദ്ധതി, ട്രാക്കോ കേബിൾ കമ്പനിയുടെ ആധുനികവൽക്കരണം, കേരള സിറാമിക്സിന്റെ വിപുലീകരണ പദ്ധതി, കെ.സി.സി.പി. ലിമിറ്റഡിൽ സാനിറ്റൈസർ നിർമ്മാണ പദ്ധതി, കയർ ഡി ഫൈബറിംഗ് യൂണിറ്റ്, ബി.പി.സി.എൽ.-മായി ചേർന്ന് കരിന്തളത്ത് പെട്രോൾ പമ്പ് ആരംഭിക്കുന്നതിനുള്ള പദ്ധതി എന്നിവയ്ക്ക് തുടക്കം കുറിച്ചു. കരകൗശല വികസന കോർപ്പറേഷന്റെ കീഴിൽ തൃശ്ശൂർ ജില്ലയിലെ ചേർപ്പിൽ ആരംഭിച്ച വുഡ് ക്ലസ്റ്ററിനായുള്ള കോമൺ ഫെസിലിറ്റി സെന്റർ, സിഡ്കോയുടെ അധീനതയിലുള്ള 5 പ്രൊഡക്ഷൻ യൂണിറ്റുകളുടെ നവീകരണ പദ്ധതി, കെൽട്രോണിൽ പൾസ് ഓക്സിമീറ്റർ നിർമ്മാണം, ഇ-ഹെൽത്ത് പദ്ധതിക്കായി 120 എണ്ണം 5 KVA യു.പി.എസ്. നിർമ്മിച്ച് നൽകുന്ന പദ്ധതി, മോട്ടോർ വെഹിക്കിൾസ് വകുപ്പിനായുള്ള കൺട്രോൾ റൂം സിസ്റ്റം, നൂതന ഇലക്ട്രോണിക് ശ്രവണ സഹായി എന്നിവയുടെ നിർമ്മാണം തുടങ്ങിയവ ആരംഭിച്ചു. കോവിഡ്-19 രണ്ടാം വരവിനെ തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി ഇതിന്റെ ഒരു രണ്ടാം പതിപ്പായി കേരള ഗവൺമെന്റ് കോവിഡ്-19 സമാശ്വാസ പദ്ധതി എന്നപേരിൽ ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജ് അനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശനിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക

LIBRARY ARCHIVES Kerala Legislative Assembly

സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി.-യുടെ എസ്.ഡി.എഫ്.-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചുവർഷം കൊണ്ട് പലിശരഹിത അടവോടുംകൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽനിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് വ്യവസായ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും അനുമതികൾ സുഗമമാക്കുന്നതിനും വേണ്ടി 2018-ലെ ' കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. ഇതുകൂടാതെ 2019-ലെ ' കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' മുൻ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും ജില്ലാടിസ്ഥാനത്തിലും സംസ്ഥാന തലത്തിലും നിയമപിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. അഞ്ചുകോടി രൂപ വരെ മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുടെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികളിന്മേലുള്ള പരാതികൾ അതത് ജില്ലാ പരാതി പരിഹാര സമിതികൾ തീർപ്പാക്കുന്നതായിരിക്കും. ജില്ലാ പരാതി പരിഹാര സമിതിയുടെ ചെയർമാൻ ജില്ലാ കളക്ടറും, കൺവീനർ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജറുമാണ്. അഞ്ചു കോടി രൂപയിലധികം മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുടെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികളിന്മേലുള്ള പരാതികൾ സംസ്ഥാന പരാതി പരിഹാര സമിതി തീർപ്പാക്കുന്നതായിരിക്കും. ഉന്നത ഉദ്യോഗസ്ഥർ അംഗങ്ങളായ സംസ്ഥാന പരാതി പരിഹാര സമിതിയുടെ ചെയർമാനെയും കൺവീനറെയും കമ്മിറ്റി അംഗങ്ങളിൽനിന്നും സർക്കാർ നിശ്ചയിക്കുന്നതായിരിക്കും. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നയസമീപനമാണ് സർക്കാർ സ്വീകരിച്ച് വരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളും അടുത്ത പത്ത് വർഷത്തെ പ്രവർത്തനം മുന്നിൽകണ്ടുകൊണ്ടുള്ള നവീകരണ വിപുലീകരണ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾ ഉൾപ്പെടുത്തി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ ഭാഗമായി കമ്പനികൾ തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകൾ വ്യവസായ വകുപ്പ് പരിശോധിച്ചുവരുന്നു.

**പൊതുമേഖലാ സംവിധാനങ്ങളിലൂടെ നടപ്പിലാക്കിയ പദ്ധതികൾ**

175 (560) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ക്ഡൗൺ സാഹചര്യത്തിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നും വായ്പ എടുത്ത് തുക തിരിച്ചടയ്ക്കാൻ കഴിയാത്തവർക്കായി എന്തെല്ലാം ഇളവുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; എത്ര ഉപഭോക്താക്കൾക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ;

(ബി) സർക്കാർ പ്രഖ്യാപിച്ച കോവിഡ് സമാശ്വാസ പാക്കേജിന് സമാന്തരമായി ചെറുകിട വ്യവസായ മേഖലയ്ക്കായി മറ്റ് പൊതുമേഖലാ സംവിധാനങ്ങളിലൂടെ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

(എ&ബി) കോവിഡ്-19 പകർച്ചവ്യാധിമൂലം ദുരിതത്തിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളെ സഹായിക്കുന്നതിനായി കേരള ഗവൺമെന്റ് വ്യവസായ ഭദ്രത എന്ന പേരിൽ ഒരു പ്രത്യേക സമാശ്വാസ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഈ പാക്കേജ് അനുസരിച്ച് കെ.എസ്.ഐ.ഡി.സി.-യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പ്രവർത്തന മൂലധനത്തിനായി 200 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല വായ്പകളും പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും തുടങ്ങിയ ഇളവുകളും ലഭ്യമാക്കിയിരുന്നു. നിലവിലുള്ള സംരംഭകർക്ക് വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകുകയും നിലവിൽ അടച്ചുതീർക്കാനുള്ള പലിശ (പിഴപ്പലിശ ഒഴിവാക്കി) ഘട്ടംഘട്ടമായി അടച്ചുതീർക്കാനുള്ള സൗകര്യവും ലഭ്യമാക്കിയിരുന്നു. വായ്പയിൽ മുതൽ തിരിച്ചടവിന് ആറു മാസത്തെ മോറട്ടോറിയവും നൽകിയിരുന്നു. ഈ പദ്ധതി പ്രകാരം 18-1-2021 വരെ കെ.എസ്.ഐ.ഡി.സി. 18 വ്യവസായ യൂണിറ്റുകൾക്ക് 24.25 കോടി രൂപയുടെ ധനസഹായം (ലോൺ) നൽകുകയുണ്ടായി. കൂടാതെ, നിലവിൽ പ്രവർത്തിക്കുന്ന എല്ലാ യൂണിറ്റുകൾക്കും വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകുകയും 31-3-2021 വരെ പിഴപ്പലിശ ഒഴിവാക്കി നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly